136 (2514) ഭാഗികമായി ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കുന്നതിന് നടപടി

ശ്രീ. എൻ. കണ്ണൻ :
ശ്രീമതി. എൻ.കെ രാധ :
ശ്രീ. രാജു എബ്രഹാം
ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഗികമായി ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്തെ നഗരങ്ങൾ ഉൾപ്പെടെ ഏതൊക്കെ ഭാഗങ്ങളിലാണ് ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും പിൻവലിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്തെ മുനിസിപ്പൽ പ്രദേശങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും പിൻവലിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ തീരുമാനം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പൊതു അവധി ദിവസങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കും എന്ന് പ്രഖ്യാപിച്ചിട്ടുള്ളത് വിശദമാക്കുമോ;

(എഫ്) ശനിയാഴ്ച ദിവസം ഇതിൽപ്പെടുന്നുണ്ടോ; കേന്ദ്ര സംസ്ഥാന പൊതു ഒഴിവുകൾ എല്ലാം ബാധകമാണോ; ഏതൊക്കെ ഒഴിവ് ദിവസമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

17-10-98 മുതൽ ജില്ലാ ആസ്ഥാനങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചിട്ടുണ്ട്. കൂടാതെ കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പൊതു അവധി ദിവസങ്ങളിലും 3-7-99 മുതൽ ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചിട്ടുണ്ട്.

(സി) ജില്ലാ ആസ്ഥാനങ്ങളെ രാത്രി കാല ലോഡ് ഷെഡ്ഡിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) തൽക്കാലം ഇല്ല.

(ഇ)&(എഫ്) കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പൊതു അവധി ദിവസങ്ങളേയും ലോഡ് ഷെഡ്ഡിംഗിൽ നിന്നും ഒഴിവാക്കി 3-7-99-ൽ വൈദ്യുതി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടാം ശനിയാഴ്ചകൾ പൊതു ഒഴിവ് ദിവസമായതിനാൽ പ്രസ്തുത ദിവസങ്ങളും ഇതിൽപ്പെടുന്നതാണ്.

137 (2515) വൈദ്യുതി ബോർഡുകൾ ചെലവാക്കുന്ന വൈദ്യുതി

ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly